ഉത്തരം

(എ) നിക്ഷേപക പ്രോത്സാഹന ബോർഡ് നാലുപ്രാവശ്യം യോഗം ചേർന്നിട്ടുണ്ട്.

(ബി) 40 പദ്ധതികൾക്ക് അംഗീകാരം നൽകുകയുണ്ടായി.

(സി) പദ്ധതികൾ നടപ്പിലാക്കുന്നതിൽ എന്തെങ്കിലും തടസ്സം ഉണ്ടാകുന്നെങ്കിൽ അത് മാറ്റുന്നതും വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് പ്രശ്ന പരിഹാരങ്ങൾക്ക് നിർദ്ദേശം നൽകുന്നതും നിക്ഷേപക പ്രോത്സാഹന ബോർഡിന്റെ ചുമതലയിൽപ്പെടുന്നു.

വ്യവസായികൾക്ക് മുതൽ മുടക്കുവാൻ പ്രേരണ നൽകുന്നതിന് നടപടികൾ

99 [4849] ശ്രീ. സി. പി. മുഹമ്മദ്:
,, ടി. എൻ. പ്രതാപൻ:
,, കെ. മോഹൻകുമാർ:
,, കെ. എ. ചന്ദ്രൻ:
,, ജി. പ്രതാപവർമ്മ തമ്പാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുണ്ടായ സമരങ്ങളും ഹർത്താലുകളും സംസ്ഥാനത്ത് ജിം-നെ തുടർന്ന് വ്യവസായങ്ങൾ സ്ഥാപിക്കുവാൻ തയ്യാറായ വ്യവസായികളെ അതിൽനിന്നും പിന്തിരിപ്പിച്ചിട്ടുണ്ടോ;

(ബി) ഇപ്രകാരം പിൻവാങ്ങിയ വ്യവസായികൾക്ക് സംസ്ഥാനത്ത് മുതൽ മുടക്കുവാൻ വേണ്ട പ്രേരണ നൽകുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ, ബി) ജിം-നെ തുടർന്ന് വ്യവസായങ്ങൾ സ്ഥാപിക്കുവാൻ തയ്യാറായ വ്യവസായികൾ സമരങ്ങളും ഹർത്താലുകളും കാരണം അവരുടെ ഉദ്യമത്തിൽനിന്നും പിന്തിരിഞ്ഞതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ചെറുകിട വ്യവസായങ്ങൾക്ക് ക്ലസ്റ്റർ അപ്രോച്ച്

100 [4850] ശ്രീ. പി. ടി. തോമസ്:
,, എ. കെ. മണി:
,, വർക്കല കഹാർ:
,, കെ. മുഹമ്മദാലി:
,, ലൂഡി ലൂയിസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെറുകിട വ്യവസായങ്ങൾ സ്ഥാപിക്കുന്ന കാര്യത്തിൽ സംസ്ഥാനത്ത് ക്ലസ്റ്റർ അപ്രോച്ച് സ്വീകരിക്കുവാൻ തുടങ്ങിയിട്ടുണ്ടോ;

(ബി) എങ്കിൽ അതുകൊണ്ടുള്ള ഗുണങ്ങൾ എന്തെല്ലാമെന്ന് അറിയിക്കാമോ;

(സി) സംസ്ഥാനത്ത് ഇതുവരെ ഏതെല്ലാം സ്ഥലങ്ങളിൽ ചെറുകിട വ്യവസായങ്ങളുടെ ക്ലസ്റ്റർ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) പൊതു വ്യവസായ സ്ഥാപന സൗകര്യങ്ങൾ സൃഷ്ടിച്ച് വ്യവസായ യൂണിറ്റുകളുടെ പ്രത്യേക സമുച്ചയങ്ങൾ രൂപകൽപ്പന ചെയ്യുന്നതിന് വിഭാവനം ചെയ്യുന്നതാണ് ഈ പദ്ധതി. ഇത്തരം സ്ഥാപനങ്ങൾക്ക് അസംസ്കൃത വസ്തുക്കൾ മൊത്തമായി കണ്ടെത്തുന്നതിനും വായ്പാ സൗകര്യങ്ങൾ പരസ്പര ധാരണയിലൂടെ ലഭ്യമാക്കുന്നതിനും, പൊതു വിൽപ്പന ബ്രാന്റ് സൃഷ്ടിക്കുന്നതിനും, വിപണനത്തിനും, പൊതു സൗകര്യ സേവന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനും, ഗുണമേന്മയുള്ള പരിശോധനാ സൗകര്യങ്ങൾ ഏർപ്പെടുത്തി ഉൽപ്പാദന നേട്ടം കൈവരിക്കുന്നതിനും, തദ്ദാര സാമ്പത്തിക വികസനത്തിന് ആക്കം കൂട്ടുന്നതിനുള്ള പ്രവർത്തനം ഏറ്റെടുക്കുന്നതിനും കഴിയും. കൂടാതെ ആഗോളവൽക്കരണം മുഖാന്തിരം ഉണ്ടായിട്ടുള്ള മത്സരത്തിൽനിന്നും രക്ഷപ്പെടുന്നതിനും വിദേശ ടെക്നോളജി ഉപയോഗിച്ച് ഗുണനിലവാരമുള്ള ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനും സഹായകരമായിരിക്കും.

(സി) സംസ്ഥാനത്ത് ചങ്ങനാശ്ശേരിയിൽ റബ്ബറധിഷ്ഠിത ഉൽപ്പന്നങ്ങളുടെ ഒരു ക്ലസ്റ്റർ പ്രാരംഭ നടപടികൾ പൂർത്തിയാക്കിവരുന്നു.

ചെറുകിട വ്യവസായങ്ങൾക്ക് വാണിജ്യ ബാങ്കുകൾ നൽകിയ വായ്പ

101 [4851] ശ്രീമതി രാധാരാഘവൻ:
ശ്രീ. എ. സുജനപാൽ:
„ വർക്കല കഹാർ:
„ കെ. മുഹമ്മദാലി:
„ ഡി. സുഗതൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ചെറുകിട വ്യവസായങ്ങൾക്ക് വേണ്ടി ഇക്കഴിഞ്ഞ ഒരു വർഷം വാണിജ്യ ബാങ്കുകൾ എന്തു തുക വായ്പയായി നൽകി;

(ബി) ചെറുകിട വ്യവസായ രംഗത്തെ വായ്പ കിട്ടുന്നതിനുള്ള പ്രയോറിറ്റി സെക്ടറിൽ പെടുത്തിയിട്ടുണ്ടോ;

(സി) ചെറുകിട വ്യവസായ വായ്പയ്ക്ക് ചുമത്തുന്ന പലിശയെത്ര?

ഉത്തരം

(എ) 1840.10 കോടി (2002-03) രൂപ.

(ബി) ഉണ്ട്.

(സി) (1) രണ്ടു ലക്ഷം രൂപ വരെ- 11.5%

(2) രണ്ടു ലക്ഷം മുതൽ 25 ലക്ഷം രൂപ വരെ- 12.75%

(3) 25 ലക്ഷത്തിനു മുകളിൽ- 13.75%.

4852-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം ലഭ്യമായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly